**RASHTRIYA MADHYAMIK SHIKSHA ABHIYAN (RMSA)**
State Project Office, 7th Floor
Trans Towers, Vazhuthacaud
Thiruvananthapuram-695 014. Kerala
Ph: 0471-2331388
E_mail:rmsakerala@gmail.com

നം.863/പി3/2017/ആർ.എം.എസ്.എ. തീയതി 10/10/2017

പ്രേഷിതൻ

സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ

സ്വീകർത്താവ്

വിദ്യാഭ്യാസ ഡെപ്യൂട്ടി ഉപഡയറക്ടർമാർ/
അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർമാർ

സർ,

വിഷയം:- ആർ.എം.എസ്. - ധനവിനിയോഗ മാനദണ്ഡം സർക്കുലർ - സ്കൂളുകൾക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

2017-18 നവപ്രഭയുടെ ധനവിനിയോഗം സംബന്ധിച്ച സർക്കുലറും, മാർഗ്ഗരേഖയും ഇതോടൊപ്പം അയക്കുന്നു. സർക്കുലറിലും മാർഗ്ഗരേഖയിലും ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ജില്ലാ തലത്തിൽ പ്രത്യേക നടപടിക്രമം/ഉത്തരവ് തയ്യാറാക്കി സ്കൂളുകൾക്ക് നൽകുവാൻ താൽപര്യപ്പെടുന്നു

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർക്കുവേണ്ടി
രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

*അനി/10/10*

RASHTRIYA DHYAMIK
SHIKSHA ABHIYAN (RMSA)
State Project Office, 7th Floor
Trans Towers, Vazhuthacaud
Thiruvananthapuram-695 014. Kerala
Ph: 0471-2331388
E_mail:rmsakerala@gmail.com

നം:863/പി3/2017-18/ആർ.എം.എസ്.എ    തീയതി: 09/10/2017

**സർക്കുലർ**

വിഷയം: ആർ.എം.എസ്.എ. നവപ്രഭ സ്കൂൾതല പ്രവർത്തനങ്ങൾ നടത്തുന്നതിനുളള - ധനവിനിയോഗ മാനദണ്ഡം- സംബന്ധിച്ച്.

സൂചന :
1. എ.ഡബ്യൂ.പി. ആന്റ് ബി - ആർ.എം.എസ്.എ - 2017-18
2. 863/പി3/ആർ.എം.എസ്.എ/2017 തീയതി 18/08/2017
3. 20/09/2017-ലെ 364/പി3/2017/ആർ.എം.എസ്.എ ഉത്തരവ്

നവപ്രഭ സ്കൂൾതല പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കുളള മാർഗ നിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

- നവപ്രഭയുടെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ 19-ന് നടക്കും. അന്നേ ദിവസം സ്കൂൾതലത്തിൽ ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.
- നവപ്രഭ പരിപാടിയുടെ നടത്തിപ്പിലേയ്ക്ക് വിശദമായ ഒരു മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് പ്രകാരം പരിപാടി നടപ്പേക്കേണ്ടതാണ്. (മാർഗ്ഗരേഖ ഇതോടൊപ്പം ഉളളടക്കം ചെയ്യുന്നു)
- സർക്കാർ/എയ്ഡഡ് സ്കൂളിലെ അർഹരായ കുട്ടികളെ കണ്ടെത്തി പരിപാടിനടപ്പാക്കാൻ പ്രഥമാധ്യാപകർക്ക് നിർദ്ദേശം നൽകണം.
- ഓരോ സ്കൂളിലും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ജില്ലിയിൽ ശേഖരിച്ച് സംസ്ഥാന ഓഫീസിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
- ഓരോ സ്കൂളിലും പങ്കെടുക്കുന്ന കുട്ടികളുടെ പരമാവധി എണ്ണം പതിനഞ്ച് ശതമാനത്തിൽ കവിയാൻ പാടില്ല.
- ഒരു കുട്ടിയ്ക്ക് 400(നാനൂറ്) രൂപ ക്രമത്തിലാണ് തുക അനുവദിക്കേണ്ടത്.
- 2016-17 UDISE പ്രകാരമാണ് തുക അനുവദിച്ചിരിക്കുന്നത്. നടപടി ഉത്തരവ് പ്രകാരം ഓരോ ജില്ലയ്ക്കും അനുവദിച്ച കുട്ടികളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടാകാതെ അനുപാതികമായി ഓരോ സ്കൂളിനും തുക നൽകാവുന്നതാണ്.
- അക്കാദമിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി തുക വിനിയോഗിക്കാൻ നിർദ്ദേശം നൽകേണ്ടതാണ്.
- ഫെബ്രുവരി 28 നകം തുക വിനിയോഗിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ
രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

Ani/09/10

# നവപ്രഭ

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തികൊണ്ട് ഓരോ വിദ്യാർഥിയും മികവിന്റെ ഉടമകളാവുകയും വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയും ചെയ്യുകയെന്ന ഉദാത്തമായ ലക്ഷ്യം മുൻ നിർത്തി പൊതുവിദ്യാഭ്യാസ വകുപ്പ് നിരവധി കർമ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി വരികയാണല്ലോ.

ഗുണമേന്മയുള്ള സെക്കണ്ടറി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുകയാണ് രാഷ്ട്രീയ മാധ്യമിക് ശ്രിക്ഷാ അഭിയാൻ (RMSA), കേരളയുടെ ലക്ഷ്യം. വ്യത്യസ്ത കാരണങ്ങളാൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങു നല്കി അവരെ പഠനത്തിന്റെ മുഖ്യധാരയിലെത്തിക്കുവാനുള്ള RMSA യുടെ പദ്ധതിയാണ് 'നവപ്രഭ'. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന ഒൻപതാം ക്ലാസിലെ കുട്ടികൾക്കായാണ് 'നവപ്രഭ' വിഭാവനം ചെയ്തിട്ടുള്ളത്. പഠനപിന്നാക്കാവസ്ഥയെ ന്യൂനതയായി പരിഗണിക്കാതെ പഠിതാക്കൾക്ക് കരുതലും സംരക്ഷണവും നല്കി പാനപ്രവർത്തനങ്ങളിൽ താൽപര്യവും പഠനപുരോഗതിയും ഉറപ്പാക്കുകയെന്നതാണ് 'നവപ്രഭ' പദ്ധതിയിലൂടെ RMSA ലക്ഷ്യമിടുന്നത്. മാതൃഭാഷ, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. നിശ്ചിത നൈപുണികളും പഠനനേട്ടങ്ങളും കൈവരിക്കാതെ ഉയർന്ന ക്ലാസുകളിൽ എത്തുന്ന പഠിതാക്കൾക്ക് വിഷയാടിസ്ഥാനത്തിൽ പഠന പിന്തുണ നൽകി അവർ പഠനനേട്ടങ്ങൾ ആർജിച്ചുവെന്ന് ഉറപ്പു വരുത്തുന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

വിദഗ്ദ്ധരായ അധ്യാപകർ തയ്യാറാക്കിയ മൊഡ്യൂളുകൾക്കും പഠനസാമഗ്രികൾക്കുമൊപ്പം തനത് രീതികളും തന്ത്രങ്ങളും വികസിപ്പിച്ച് ഈ പദ്ധതിയെ സർഗ്ഗാത്മകമാക്കേണ്ടത് അധ്യാപകരുടെ ഉത്തരവാദിത്വമാണ്. 'നവപ്രഭ' പദ്ധതിയുടെ സമാരംഭവും സമാപനവും പൊതുസമൂഹം കൂടി ഏറ്റെടുത്ത് നടത്തുന്ന ഒരു പഠനോത്സവമാക്കി മാറ്റുമല്ലോ.

# നവപ്രഭ

## പൊതുനിർദ്ദേശങ്ങൾ

'നവപ്രഭ' പദ്ധതിയുടെ ആരംഭം കുറിക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാധ്യാപകർ, രക്ഷിതാക്കൾ, പൊതുപ്രവർത്തകർ, വിദ്യാഭ്യാസസ്നേഹികൾ തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട വ്യക്തികളെയും സാംസ്ക്കാരികസംഘടനകളെയും പങ്കെടുപ്പിച്ചു കൊണ്ടാവണം. പരമാവധി സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തിയാകണം നവപ്രഭ പദ്ധതിയുടെ ഉദ്ഘാടനം (നവപ്രഭോത്സവം)സംഘടിപ്പിക്കേണ്ടത്.

- ♦ മാതൃഭാഷ, ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന ഒൻപതാം ക്ലാസിലെ വിദ്യാർഥികൾ സമയബന്ധിതമായ പ്രവർത്തന പദ്ധതിയിലൂടെ നിർദ്ദിഷ്ഠ പഠനനേട്ടങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പാക്കണം. ഇക്കാര്യത്തിൽ അധ്യാപകർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.
- ♦ വിദ്യാലയത്തിൽ രൂപീകരിക്കുന്ന നവപ്രഭാ കൗൺസിലിന്റെ നേതൃത്വത്തിലാണ് പദ്ധതിയുടെ ആസൂത്രണം, നിർവഹണം, വിലയിരുത്തൽ, വിജയപ്രഖ്യാപനം എന്നിവ നടക്കേണ്ടത്.
- ♦ പദ്ധതിയുടെ വിജയത്തിനായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, പ്രഥമാധ്യാപകർ, നവപ്രഭാ കോർഡിനേറ്റർ, അധ്യാപകർ, പിന്തുണ സംവിധാനങ്ങൾ എന്നീ വിവിധ ഘടകങ്ങളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

## നവപ്രഭാകൗൺസിൽ

നവപ്രഭയുടെ ഫലപ്രദമായ നടത്തിപ്പിനായി നവപ്രഭാകൗൺസിൽ രൂപീകരിക്കേണ്ടതാണ്.

**ഘടന**

- ♦ പ്രഥമാധ്യാപകൻ
- ♦ എസ്.എം.ഡി.സി പ്രതിനിധി
- ♦ അധ്യാപക-രക്ഷാകർത്തൃ സംഘടനയുടെ പ്രതിനിധി

- സീനിയർ അസിസ്റ്റന്റ്
- സ്റ്റാഫ് സെക്രട്ടറി
- എസ് ആർ ജി കൺവീനർമാർ (എൽ.പി, യു.പി, എച്ച്.എസ്സ്, എച്ച്.എസ്സ്.എസ്സ്)
- എസ്സ്.ഐ.റ്റി.സി
- നവപ്രഭയിൽ കൈകാര്യം ചെയ്യുന്ന ഓരോ വിഷയത്തിന്റെയും അധ്യാപക പ്രതിനിധികൾ (ഇതിൽ ഒരാളായിരിക്കണം കോർഡിനേറ്റർ )
- നവപ്രഭയുടെ നടത്തിപ്പ് ചുമതല നവപ്രഭാകൗൺസിലിനാണ്.

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- മാസത്തിൽ ഒരിക്കൽ കൗൺസിൽ യോഗം ചേരൽ, പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തൽ.
- കുട്ടികളുടെ ലഘുഭക്ഷണവിതരണം പി.ടി.എ/എം.പി.ടി.എ/പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവയിലെ അംഗങ്ങളുടെ സഹകരണത്തോടെ നടപ്പാക്കൽ.
- നവപ്രഭാപരിപാടികളിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കൽ.
- നവപ്രഭോത്സവം ഉദ്ഘാടനം, പദ്ധതിയുടെ വിജയപ്രഖ്യാപനം എന്നിവ പ്രാദേശിക സമൂഹത്തിന്റെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കൽ.

## പ്രഥമാധ്യാപകൻ

നവപ്രഭാപദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി പ്രഥമാധ്യാപകൻ പ്രവർത്തിക്കേണ്ടതാണ്.

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- നവപ്രഭാകൗൺസിൽ രൂപീകരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും നേതൃത്വപരമായ പങ്കുവഹിക്കൽ
- നവപ്രഭാകൗൺസിലിന്റെ ആധ്യക്ഷം വഹിക്കൽ
- വിദ്യാലയങ്ങളിലെ മുഴുവൻ അധ്യാപകരുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കൽ
- നവപ്രഭാപദ്ധതിയുടെ സ്ക്കൂൾതല ആസൂത്രണവും പിന്തുണയും.
- വിദ്യാർഥികളുടെ പഠനത്തിന്റെ വിലയിരുത്തൽ ഫലങ്ങൾ പ്രതിദിനം രേഖപ്പെടുത്തുന്നു

എന്ന് ഉറപ്പാക്കൽ

- കുട്ടികൾക്കുള്ള ലഘുഭക്ഷണപരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പ്
- കുട്ടികളുടെ ഹാജർ ഉറപ്പാക്കൽ
- പ്രതിമാസ നവപ്രഭാ കൗൺസിൽ വിളിച്ചുചേർക്കൽ
- നവപ്രഭാപദ്ധതിയിൽ പങ്കാളികളാവുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ പങ്കെടുപ്പിച്ച് പ്രതിമാസയോഗം സംഘടിപ്പിക്കൽ.
- നവപ്രഭാ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട ബില്ലുകൾ, വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കൽ.

## നവപ്രഭാ കോർഡിനേറ്റർ

വിദ്യാലയത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് പാഠ്യവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകരിൽ ഒരാൾ കോർഡിനേറ്റർ ആയി പ്രവർത്തിക്കണം. SRG മീറ്റിങ്ങിൽ കോർഡിനേറ്ററെ തെരഞ്ഞെടുക്കേണ്ടതാണ്.

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- നവപ്രഭയുടെ അക്കാദമികമായ നടത്തിപ്പ് ചുമതല.
- നവപ്രഭാ ടൈം ടേബിൾ തയ്യാറാക്കൽ.
- കുട്ടികളുടെ ഹാജർ ഉറപ്പാക്കൽ.
- സ്ക്കൂൾതല മോണിട്ടറിംഗിൽ/പിന്തുണ നൽകുന്നതിൽ പ്രധാനാധ്യാപകനെ സഹായിക്കൽ.
- കുട്ടികളുടെ പഠനത്തിന്റെ വിലയിരുത്തൽ ഫലങ്ങൾരേഖപ്പെടുത്തുന്നതിനും അപ്‌ലോഡ് ചെയ്യുന്നതിനും എസ്.ഐ.റ്റി,സിയെ സഹായിക്കൽ.
- കുട്ടികൾക്കുള്ള ലഘുഭക്ഷണവിതരണം കുറ്റമറ്റതാക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കൽ.
- നവപ്രഭാകൗൺസിലിന്റെ മിനിറ്റ്സുകൾ തയ്യാറാക്കൽ.
- ധനവിനിയോഗത്തിന്റെ രേഖകൾ യഥാസമയം പ്രഥമാധ്യാപകന് കൈമാറൽ.

## സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (SRG )

നവപ്രഭാപദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ അക്കാദമിക പ്രവർത്തനങ്ങളും SRG യുടെ നേതൃത്ത്വത്തിലാണ് നടക്കേണ്ടത്. പദ്ധതിയുടെ അക്കാദമിക പ്രവർത്തനങ്ങളിൽ പ്രൈമറി, ഹയർസെക്കണ്ടറി വിഭാഗങ്ങളിലെ അധ്യാപകരുടെയും സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ഓരോ SRG മീറ്റിങ്ങുകളിലും നവപ്രഭാപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അജണ്ടയായി ഉൾപ്പെടുത്തി വിശദാംശങ്ങൾ ചർച്ച ചെയ്യണം. നവപ്രഭാ കോർഡിനേറ്റർക്ക് പൂർണമായ അക്കാദമിക സഹകരണം നൽകണം.

## അധ്യാപകർ

നവപ്രഭാപദ്ധതിയുടെ വിജയത്തിന് അധ്യാപകരുടെ കൂട്ടായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കുട്ടികളുടെ തെരഞ്ഞെടുപ്പ്.
- കുട്ടികളുടെ വൈവിധ്യങ്ങൾ പരിഗണിച്ച് ഉചിതമായ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് മൊഡ്യൂൾ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ വിനിമയം ചെയ്യൽ.
- നവപ്രഭാ മൊഡ്യൂളുകൾക്ക് അനുബന്ധമായി അവയുടെ ഫലപ്രദമായ വിനിമയത്തിന്. ഉതകും വിധം വർക്ക് ഷീറ്റുകൾ, ഐ.സി.ടി വിഭവങ്ങൾ, ചോദ്യോത്തര മാതൃകകൾ, പഠനപ്രവർത്തനങ്ങൾ എന്നിവ വികസിപ്പിക്കൽ.
- കുട്ടികളുടെ പ്രതിദിന പഠനനിലവാരം അപ് ലോഡ് ചെയ്യുന്നതിനായി നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തി കോർഡിനേറ്റർക്ക് കൈമാറൽ.
- കുട്ടികളുടെ പഠനനിലവാരം, ഹാജർനില എന്നിവ നവപ്രഭാകൗൺസിലിൽ റിപ്പോർട്ടു ചെയ്യൽ
- കുട്ടികളുടെ പഠനനിലവാരം, ഹാജർനില എന്നിവ രക്ഷാകർത്തൃയോഗത്തിൽ അവതരിപ്പിക്കൽ
- എല്ലാ പഠിതാക്കളും നിശ്ചിത പഠനനേട്ടങ്ങൾ കൈവരിച്ചെന്ന് ഉറപ്പാകും വരെ

മൊഡ്യൂൾ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വ്യത്യസ്ത തന്ത്രങ്ങളിലൂടെ പുന രാവിഷ്ക്കരിക്കൽ.

## പിന്തുണാസംവിധാനങ്ങൾ

നവപ്രഭ പ്രവർത്തന പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് ഫലപ്രദമായ പിന്തുണാ സംവിധാനങ്ങൾ ആവശ്യമാണ്. വിദ്യാഭ്യാസ ജില്ലാ തലം, സ്കൂൾ തലം എന്നീ രണ്ട് തല ങ്ങളിലുള്ള പിന്തുണാ സംവിധാനങ്ങളാണ് നവപ്രഭയിൽ പ്രവർത്തിക്കേണ്ടത്.

### വിദ്യാഭ്യാസ ജില്ലാ തലം

മോണിട്ടറിംഗ് സംവിധാനം എന്നതിലുപരി അധ്യാപകർക്ക് ആവശ്യമായ പിന്തുണയും സഹകരണവും ഉറപ്പാക്കലും കുട്ടികളുടെ പഠനപുരോഗതിയ്ക്കുള്ള കൈത്താങ്ങ് നൽകുക യുമാണ് ഈ സംവിധാനത്തിന്റെ ഉദ്ദേശ്യം. ജില്ലാ വിദ്യാഭ്യാസ ഓഫീസർ (DEO) നേതൃത്വം നൽകുന്ന വിദ്യഭ്യാസ ജില്ലാ സമിതിയാണ് വിദ്യാഭ്യാസ ജില്ലാതലത്തിൽ പിന്തുണ നൽകേണ്ടത്. ഇതിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡയറ്റ് ഫാക്കൽറ്റികൾ, ആർ.എം.എ സ്.എ പ്രതിനിധി എന്നിവർ ഉണ്ടായിരിക്കും.

**വിദ്യാഭ്യാസ ജില്ലാതല സമിതി -ചുമതലകളും ഉത്തരവാദിത്തങ്ങളും**

- പ്രഥമാധ്യാപക യോഗത്തിൽ നവപ്രഭ പദ്ധതിയുടെ വിശദീകരണം.
- നവപ്രഭാ കോർഡിനേറ്റർമാരുടെ യോഗം വിളിച്ചു ചേർത്ത് നവപ്രഭപദ്ധതി വിശദീക രിക്കൽ.
- പ്രീ ടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് ടൂളുകൾ, ദൈനംദിന വിലയിരുത്തൽ ഫലങ്ങൾ, അപ്‌ലോഡ് ചെയ്യുന്നതിനുള്ള മറ്റ് വിശദാംശങ്ങൾ എന്നിവ പരിചയപ്പെടുത്തൽ.
- വിദ്യാലയ സന്ദർശനവും പിന്തുണ നൽകലും.
- വിദ്യാഭ്യാസ ജില്ലാ തല സമിതി അംഗങ്ങൾ ഒരു ടീമായി വിദ്യാലയസന്ദർശനം നട ത്തേണ്ടതാണ്.
- പഠനപുരോഗതി വിലയിരുത്തൽ, രേഖകൾ പരിശോധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേ ശങ്ങൾ നൽകൽ.
- കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുമായി സംവദിച്ച് പദ്ധതിയുടെ

പുരോഗതി വിലയിരുത്തൽ

- നവപ്രഭാകൗൺസിൽ അംഗങ്ങളുടെ യോഗം ചേർന്ന് പദ്ധതിയുടെ അവലോകനം നടത്തൽ.
- കുട്ടികളുടെ പഠനനിലവാരത്തിന്റെ ദൈനംദിന വിലയിരുത്തൽ ഫലങ്ങൾ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പാക്കൽ.
- പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ (അക്കാദമികം, ഭരണപരം) അവലോകനം ചെയ്ത് പരിഹാരം കണ്ടെത്തൽ.
- പദ്ധതി നടത്തിപ്പിൽ നിശ്ചിത സമയക്രമം പാലിക്കുന്നു എന്നും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നു എന്നും ഉറപ്പാക്കൽ.

**സ്കൂൾ തലം**

സ്കൂൾ തലത്തിൽ പിന്തുണാസംവിധാനം പ്രഥമാധ്യാപകന്റെ നേതൃത്വത്തിലുള്ള നവപ്രഭാകൗൺസിൽ നിർവ്വഹിക്കേണ്ടതാണ്.

**ചുമതലകളും ഉത്തരവാദിത്തങ്ങളും**

- നിശ്ചിത സമയക്രമം പാലിച്ച് പദ്ധതി നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തൽ.
- വിദ്യാർഥികൾ നിശ്ചിത പഠനനേട്ടങ്ങൾ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ.
- പഠന ഫലങ്ങൾ വിലയിരുത്തിയത് യഥാസമയം അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തൽ.
- ധനവിനിയോഗ രേഖകൾ പരിശോധിച്ച് അവ കൃത്യവും സുതാര്യവുമാണെന്ന് ഉറപ്പാക്കൽ.
- നവപ്രഭാപദ്ധതിയുടെ ആരംഭവും വിജയപ്രഖ്യാപനവും സാമൂഹ്യ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കൽ.